പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3487

14.10.2011-ലെ മറുപടിയ്ക്ക്

**പ്ലൈവുഡ് ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.രാജു | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| പുനലൂർ പ്ലൈവുഡ് ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | കൊല്ലം ജില്ലയിലെ പിറവന്തൂരിലുള്ള ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് തുറന്നു പ്രവർത്തിപ്പിക്കുന്നതിലേക്ക് കമ്പനിയുടെ ആസ്തികളും ബാധ്യതകളും കിൻഫ്രയ്ക്ക് കൈമാറി ഉത്തരവായിട്ടുണ്ട്. ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസിന്റെ കൈവശമുണ്ടായിരുന്ന 63 ഏക്കർ ഭൂമിയിൽ 12 ഏക്കർ സ്ഥലത്ത് ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് കിൻഫ്ര തിരുമാനിക്കുകയും അതിലേക്ക് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാനിൽ ഒരു SDF നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>ബാക്കി വരുന്ന സ്ഥലം ഫലപ്രദമായി ഉപയോഗപ്പെടുത്തി ഒരു മാലിന്യ രഹിത വ്യവസായ സംരംഭം സംയുക്ത സംരംഭത്തിലൂടെയോ, നിക്ഷേപകരെ കണ്ടെത്തിയോ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ